Established by **C.V. Kunjuraman** as a perodical in 1911



കേരളകൗമുദി കൊരട്ടി നൈപുണ്യ കോളേജിൽ സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ് നയിക്കുന്ന ഡോ. ആനന്ദ കേശവൻ

# ലഹരിയുടെ ലോകത്ത് എത്താതിരിക്കാൻ രക്ഷിതാക്കളും അദ്ധ്യാപകരും ശ്രദ്ധിക്കണം

പൊങ്ങം: കുട്ടികൾ ലഹരിയുടെ ലോകത്തേക്ക് വഴിതെറ്റാതിരിക്കാൻ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും തുല്യ പങ്കാണുള്ളതെന്ന് സെമിനാറിൽ ക്ലാസ് നയിച്ച ഡോ. ടി.എം. ആനന്ദ കേശവൻ. സ്ഥിരമായുള്ള കൂട്ടുകെട്ടുകളിൽ നിന്നും അകാരണമായി മാറിപ്പോകുന്നവരെയും പെട്ടെന്ന് മൗനികളായി മാറുന്നവരെയും പ്രത്യേകം ശ്രദ്ധിക്കണം. ഇതിന്റെ യഥാർത്ഥ കാരണം കണ്ടെത്തുന്നതിന്റെ ചുമതല അദ്ധ്യാപകർക്കാണെന്നും അദ്ദേഹം പറഞ്ഞു. മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെടുന്നതിൽ ഭൂരിഭാഗവും പതിനഞ്ചിനും ഇരുപതിനും മദ്ധ്യേ പ്രായമുള്ളവരാണ്. ഈ കാലഘട്ടത്തിൽ ഇവരുടെ മേൽ കൂടുതൽ നിരീക്ഷണം ആവശ്യമാണ്. ലഹരിക്ക് അടിമപ്പെട്ടാൽ ആരോഗ്യത്തിനു പുറമെ സാമ്പത്തികതകർച്ചയും സാമൂഹികബാദ്ധ്യതയും സൃഷ്ടിക്കുമെന്ന അവബോധമാണ് കാമ്പസുകളിൽ നിന്നും വിദ്യാർത്ഥികൾക്കുണ്ടാകേണ്ടത്. ഇന്നു കാണുന്ന ആത്മഹത്യകളിൽ തൊണ്ണൂറ് ശതമാനവും ലഹരിയുടെ സൃഷ്ടിയാണെന്നും ഡോ. ആനന്ദ കേശവൻ വ്യക്തമാക്കി. ലഹരിയുടെ പിടിയിൽ അമർന്നാൽ പിന്നെ മോചനമില്ലെന്ന യാഥാർത്ഥ്യം മറ്റൊരു ലഹരി പോലെ കുട്ടികളിലെത്തിക്കണം. ഇതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും അദ്ധ്യാപകരിൽ നിക്ഷിപ്തമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.



കേരളകൗമുദി സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്കരണ സെമിനാറിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ



ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന കോളേജ് ആന്റി ഡ്രഗ് ക്ലബ് കോ-ഓർഡിനേറ്റർ അബിൻ ജോൺ